ഉത്തരം

കോട്ടയം ജില്ലാ ആശുപത്രിയിൽ എയ്ഡ്സ് രോഗികൾക്കുള്ള പരിശോധന കൗൺസിലിംഗ് സൗകര്യം (എയ്ഡ്സ് സെൽ) ഉണ്ട്. കാൻസർ രോഗികൾക്കുള്ള പരിശോധന, കൗൺസിലിംഗ് സൗകര്യം നിലവിലില്ല. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജ്യോതിസിന്റെ ഒരു സെന്റർ പ്രവർത്തിക്കുന്നു. അവിടെയാണ് കൗൺസിലിംഗ് നടത്തിവരുന്നത്. എയ്ഡ്സ് ടെസ്റ്റ് നടത്താനുള്ള സൗകര്യം നിലവിലുണ്ട്.

കോട്ടയം ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടരമാരുടെ പാറ്റേൺ

26 (609) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ (സ്പെഷ്യാലിറ്റി കേഡർ) പാറ്റേൺ വിശദീകരിക്കുമോ ;

ഉത്തരം

സ്പെഷ്യാലിറ്റി/അഡ്മിനിസ്ട്രേറ്റീവ് കേഡറുകൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കോട്ടയം ജില്ലാ ആശുപത്രിയിൽ 31 സ്പെഷ്യാലിറ്റി കേഡർ തസ്തികകളും ഒരു അഡ്മിനിസ്ട്രേറ്റീവ് കേഡർ തസ്തികയും 4 ജനറൽ കേഡർ (കാഷ്വാലിറ്റി) തസ്തികകളും ഉൾപ്പെടെ ആകെ 36 തസ്തികകൾ നിലവിലുണ്ട്. സ്പെഷ്യാലിറ്റി കേഡർ പാറ്റേൺ അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം

27 (610) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഡോക്ടർമാർ ജോലി ചെയ്തുവരുന്നു ;

(സി) ഇവിടെ ഏതെല്ലാം ഡോക്ടർ തസ്തികകളാണൊഴിഞ്ഞു കിടക്കുന്നത് ;

(ഡി) പ്രസ്തുത തസ്തികകൾ എത്ര ദിവസത്തിനകം നികത്തും എന്ന് വ്യക്തമാക്കുമോ ;

(ഇ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിൽ എത്ര ഡോക്ടർമാരുടെ ഒഴിവാണുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത ട്രോമാകെയർ യൂണിറ്റിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട് ;

(ജി) ട്രോമാകെയറിൽ ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എത്ര ദിവസത്തിനകം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ 9 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ 11 ഡോക്ടർമാർ നിലവിൽ ജോലി ചെയ്യുന്നു.

(സി) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

തസ്തിക	ഒഴിവ്
ജനറൽ മെഡിസിൻ കൺസൾട്ടന്റ്	1
ജൂനിയർ കൺസൾട്ടന്റ്	1
ജനറൽ സർജറി കൺസൾട്ടന്റ്	1
ജൂനിയർ കൺസൾട്ടന്റ്	1
ഡെർമറ്റോളജി ജൂനിയർ കൺസൾട്ടന്റ്	1
പിഡിയാട്രിക് ജൂനിയർ കൺസൾട്ടന്റ്	1
റെസ്പിറേറ്ററി മെഡിസിൻ ജൂനിയർ കൺസൾട്ടന്റ്	1
കാഷ്വാലിറ്റി മെഡിക്കലാഫീസർ സൂപ്രണ്ട്.	1
ആകെ	9

(ഡി) പ്രസ്തുത തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ-ജി) നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെയാണ് ട്രോമായെർ യൂണിറ്റിനുവേണ്ടി നിയമിച്ചിട്ടുള്ളത്. ഇതിൽ ഒരു മെഡിക്കൽ ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. ടി ഒഴിവ് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly